തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# നഗരത്തിൽ ഓൺലൈൻ പണം തട്ടിപ്പ്:

## നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെൽ വീണ്ടെടുത്തു.

# ഓൺലൈൻ പണമിടപാട് – പൊതു ജനങ്ങൾ ജാഗ്രത പാലിക്കണം

### കോവിഡ്-19

## വിലക്ക് ലംഘനം: 215 പേർക്കെതിരെ നിയമ നടപടി 36,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :-നഗരത്തിൽ ഓൺലൈൻ തട്ടിപ്പിലൂടെ കാർഡുടമക്ക് നഷ്ടപ്പെട്ട 51,889 /- രൂപ സൈബർ സെല്ലിന്റെ സമയോചിതമായ ഇടപെടലിലൂടെ വീണ്ടെടുത്തതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഇതുൾപ്പെടെ കഴിഞ്ഞ രണ്ടു മാസത്തിനിടെ വിവിധ ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടപ്പെട്ട 2,93,231/- രൂപയാണ് തിരുവനന്തപുരം സിറ്റി സൈബർ സെൽ തിരിച്ചുപിടിച്ച് ഉടമകൾക്ക് നൽകിയത്. അതേസമയം കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (19-10-2020) നടത്തിയ പരിശോധനയിൽ വിവിധ വിലക്ക് ലംഘനങ്ങൾ നടത്തിയ 215 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. 36,200/- രൂപ പിഴ ഇനത്തിൽ ഈടാക്കിയാതായും കമ്മീഷണർ അറിയിച്ചു.

**നഗരത്തിൽ ഓൺലൈൻ പണം തട്ടിപ്പ്: നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെൽ വീണ്ടെടുത്തു.**

നഗരത്തിൽ ഓൺലൈൻ തട്ടിപ്പിലൂടെ കാർഡുടമക്ക് നഷ്ടപ്പെട്ട 51,889/- രൂപ സൈബർ സെല്ലിന്റെ സമയോചിതമായ

ഇടപെടലിലൂടെ വീണ്ടെടുത്തു. മണക്കാട് സ്വദേശിയായ തിരുവനന്തപുരം മെഡിക്കൽകോളേജിലെ ഡോക്ടറാണ് തട്ടിപ്പിനിരയായത്. തട്ടിപ്പു സംഘം എസ്ബിഐ ക്രഡിറ്റ് കാർഡിൽ നിന്നാണെന്ന് പറഞ്ഞാണ് ഡോക്ടറെ ഫോണിൽ ബന്ധപ്പെട്ടത്. ക്രഡിറ്റ് കാർഡ് അപ്ഡേറ്റ് ചെയ്ത് പ്ലാറ്റിനം കാർഡാക്കി കൊടുക്കാമെന്നും അതിനായി കാർഡ് നമ്പർ നൽകണമെന്നും ആവശ്യപ്പെട്ടു. നമ്പർ നൽകി അല്പസമയത്തിനു ശേഷം, അദ്ദേഹത്തിന്റെ ഫോണിൽ വന്ന ഒ റ്റി പി നമ്പറും തന്ത്രപൂർവ്വം കൈക്കലാക്കിയ സംഘം അക്കൗണ്ടിൽ നിന്നും 51889/- രൂപ തട്ടിയെടുക്കുകയായിരുന്നു. പണം നഷ്ടപ്പെട്ടയുടനെ തന്നെ ഡോക്ടർ സിറ്റി സൈബർ സെല്ലിൽ ബന്ധപ്പെട്ട് വിവരം അറിയിച്ചു. ഉടൻ തന്നെ സൈബർ സെൽ ഇടപെട്ട്, ഫ്ലിപ്കാർട്ട് വാലറ്റിലേക്ക് മാറ്റപ്പെട്ട തുക ട്രാൻസാക്ഷൻ റദ്ദാക്കി വീണ്ടെടുത്ത് നൽകുകയും ചെയ്തു. ഇതുൾപ്പെടെ കഴിഞ്ഞ രണ്ടു മാസത്തിനിടെ വിവിധ ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടപ്പെട്ട 2,93,231/- രൂപയാണ് തിരുവനന്തപുരം സിറ്റി സൈബർ സെൽ തിരിച്ചുപിടിച്ച് ഉടമകൾക്ക് നൽകിയത്.

## ഓൺലൈൻ പണമിടപാട് – പൊതു ജനങ്ങൾ ജാഗ്രത പാലിക്കണം

കോവിഡ്-19 ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് ഓൺലൈൻ വിപണികൾ സജീവമായത് മുതലെടുത്തുകൊണ്ട് തട്ടിപ്പുകളും വ്യാപകമായിരിക്കുന്നതിനാൽ പൊതു ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കമ്മീഷണർ അറിയിച്ചു. സൈബർ സെല്ലുകളുടെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് ധാരാളം പേർ ഇത്തരം വ്യാജൻമാരുടെ തട്ടിപ്പുകളിൽ വീണുപോകുന്നു. ഓഫറുകളുടെ വലയത്തിൽപ്പെട്ട് പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ വ്യാജ സൈറ്റുകളിൽ പണം മുടക്കുന്നവരും അനവധിയാണ്. ഇതുകൂടാതെയാണ് ഫേസ്ബുക്കുകളിലും, വാട്സ്ആപ്പ്, മറ്റു സോഷ്യൽ മീഡിയകൾ വഴി വരുന്ന ലിങ്കുകളുടെ പുറകെ പോയി

ഓഫറുകൾക്ക് വേണ്ടി പണം നഷ്ടപ്പെടുത്തുന്നവർ. പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ പേരിൽ വാട്സ്ആപ്പ് മെസ്സേജുകൾ മുഖേനയും പണം തട്ടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഓൺലൈൻ വ്യാപാര ആവശ്യങ്ങൾക്കായി ഒഫിഷ്യൽ സൈറ്റുകളെ/ആപ്പുകളെ മാത്രം ആശ്രയിക്കേണ്ടതാണ്. ഇത്തരം കമ്പനികളുടെ കസ്റ്റമർ കെയർ നമ്പറുകൾ ഒരിക്കലും ഗൂഗിളിൽ സെർച്ച് ചെയ്തു എടുക്കരുത്, കസ്റ്റമർ കെയർ നമ്പറുകൾ കമ്പനികളുടെ വെബ്സൈറ്റിൽ നിന്ന് മാത്രം എടുക്കേണ്ടതാണ് .

തട്ടിപ്പിലകപ്പെട്ടുപോകുന്ന ചിലർ ലോണുകൾക്കു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നവരാണ്. ഇതിനായി സംസാരിക്കുന്ന ലോൺ എക്സിക്യൂട്ടീവിന്റെ ആവശ്യമനുസരിച്ച് ഇത്തരക്കാർ പ്രോസ്സിംഗ് ചാർജ്ജുകൾ, ജി എസ് ടി, മറ്റു ചാർജ്ജുകൾക്കുമായി ആയിരങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നു. നഷ്ട്ടപ്പെട്ട തുക തിരിച്ചു കിട്ടുന്നതിനായി പണം തട്ടിപ്പുകാർ പറയുന്ന അക്കൗണ്ടുകളിൽ ഇട്ടുകൊടുത്തു തട്ടിപ്പിന്നിരയാകുന്നവരും നിരവധിയാണ്. തട്ടിപ്പിന്നിരയാകുന്നവരിൽ ഭൂരിപക്ഷം വിദ്യാസമ്പന്നർ ആണെന്നതാണ് വിരോധാഭാസം.

ഓഎൽഎക്സ് വഴി ആർമി, ബിഎസ്എഫ്, സിആർപിഎഫ്, സിഐഎസ്എഫ്, എന്നിവയിലെ ഓഫീസർമാർ ട്രാൻസ്ഫർ ആകുന്നതിനെ തുടർന്ന് സാധനങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ടാണ് മറ്റൊരു തട്ടിപ്പ്. യൂണിഫോമിലുള്ള ഫോട്ടോ സഹിതം പ്രൊഫൈൽ ഇട്ടിരിക്കുന്ന ഇവർ ഒഫിഷ്യൽ ഐഡിയും കാണിച്ചിരിക്കും. ഇവർ കുറഞ്ഞവിലയ്ക്ക് വാഹനങ്ങളും, വീട്ടു സാധനങ്ങളും വില്പനയ്ക്കു വയ്ക്കുന്നു. വിശ്വസിപ്പിക്കാനായി യൂണിഫോമിൽ വീഡിയോ കോൾ ചെയ്ത് വില ഉറപ്പിക്കുന്നു. ഇവരെ സമീപിക്കുന്നവർക്ക് പകുതിവിലയിൽ സാധനങ്ങൾ ഓഫർ ചെയ്ത് അഡ്വാൻസായി പണം വാങ്ങുന്നു. തുടർന്ന് ഫോണിൽ കിട്ടാതാകുന്നു.

സൈനികരോടുള്ള ജനങ്ങളുടെ ആദരവും വിശ്വാസവുമാണ് ഇത്തരക്കാർ മുതലെടുക്കുന്നത്. യാതൊരു കാരണവശാലും ഓഎൽഎക്സ് പോലുള്ള ഓൺലൈൻ വ്യാപാര സൈറ്റുകളിൽ സാധനം വാങ്ങാൻ മുൻകൂർ പണം നൽകരുത്.

തട്ടിപ്പുകാരുടെ അടുത്ത ഇരകൾ ഓൺലൈൻ മാർഗ്ഗേന ജോലി അന്വേഷിക്കുന്നവരാണ്. ഇത്തരക്കാരെ ഓൺലൈൻ മുഖേന ഇന്റർവ്യൂ നടത്തി കോൺട്രാക്റ്റ് ഒക്കെ ഒപ്പിടിപ്പിക്കുന്നു. എല്ലാ തിരിച്ചറിയൽ രേഖകളും, സർട്ടിഫിക്കറ്റ് മുതലായവ ശേഖരിച്ച് വലിയ ശമ്പളവും, ജോലിയും ഓഫർ ചെയ്യുന്നു. ലക്ഷങ്ങൾ തട്ടിയെടുക്കുന്ന ഇവർ നൽകിയ അപ്പോയിന്റ്മെന്റും ലെറ്ററും കൊണ്ട് ജോയിൻ ചെയ്യാൻ പോകുമ്പോളാണ് യഥാർത്ഥത്തിലെ തട്ടിപ്പ് മനസ്സിലാകുന്നത്. ചില തട്ടിപ്പുകാർ ഓൺലൈൻ ജോലി ചെയ്യിപ്പിച്ച ശേഷം കോൺട്രാക്ട് ലംഘിച്ചതു കാരണം കേസ് കൊടുക്കുമെന്നും മറ്റും ഭയപ്പെടുത്തി പണം ആവശ്യപ്പെടുന്ന പരാതികളും പോലീസിനു ധാരാളം ലഭിക്കുന്നുണ്ട്.

ഓ ടി പി പറഞ്ഞുകൊടുത്ത് പണം തട്ടുന്ന സംഘങ്ങൾ ഇപ്പോഴും സജീവമായി തുടരുന്നു. തുടർച്ചയായ മുന്നറിയിപ്പുകളെ അവഗണിച്ച് ഗൂഗിളിലെ കസ്റ്റമർ കെയർ നമ്പരിൽ വിളിച്ച് കാർഡ് വിവരങ്ങളും മറ്റും നൽകി ഗൂഗിൾ പേ , പേ-ടിഎം തുടങ്ങിയ യുപിഐ പ്ലാറ്റ്ഫോമുകളുടെ സെക്യൂരിറ്റി നമ്പർ നൽകി അക്കൗണ്ടിലുള്ള പണം നഷ്ടപ്പെടുത്തുന്നവരും അനവധിയാണ്.

ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നവർ തീർച്ചയായും ഇത്തരം തട്ടിപ്പുകളെക്കുറിച്ച് ബോധവാന്മാരാകേണ്ടത് അത്യാവശ്യമാണ്. സോഷ്യൽ മീഡിയകളിലോ, മേസ്സേജുകളായി ലഭിക്കുന്ന ലിങ്കുകൾ വഴിയോ നിങ്ങളുടെ ഉപകരണങ്ങൾ ഹാക്ക് ചെയ്യപ്പെടാനും സാധ്യതയുണ്ട്. ബാങ്കുകളുമായി ബന്ധപ്പെട്ട ഓ ടി പി, പിൻനമ്പർ തുടങ്ങിയവ യാതൊരു വിവരങ്ങളും ഷെയർ ചെയ്യാതിരിക്കുക. ഇത്തരത്തിലുള്ള ഓൺലൈൻ

തട്ടിപ്പിനിരയായാകുന്ന തിരുവനന്തപുരം നഗരപരിധിയിലുള്ളവർക്ക് എത്രയും വേഗം തിരുവനന്തപുരം സിറ്റി സൈബർ സെല്ലിലെ 9497975998 എന്ന നമ്പറിൽ അറിയിക്കാവുന്നതാണെന്നും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (19-10-2020) നടത്തിയ പരിശോധനയിൽ സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 215 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 27 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 178 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 3 പേരിൽ നിന്നുമായി 36,200/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കുമെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
19-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി